## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2223 11/06/2018- ൽ മറുപടിയ്ക്ക്

# സമഗ്ര ശിശുസംരക്ഷണ പദ്ധതിക്കുള്ള ഫണ്ട്

| ചോദ്യം<br>ശ്രീ. എം. വിൻസന്റ് | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് സമഗ്ര ശിശുസംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) ഉണ്ട്. 2009-10 സാമ്പത്തിക വർഷം മുതൽ കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ സഹായത്തോടെ സംസ്ഥാനത്ത് സമഗ്ര ശിശുസംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിന് വിധേയരാകാത്തതുമായ 18 വയസ്സിനുതാഴെ പ്രായമുള്ള മുഴുവൻ കുട്ടികളുടേയും ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നുണ്ട്. സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത് സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയാണ്. പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി വകുപ്പ് മന്ത്രി ചെയർപേഴ്സണായി ഗവേണിംഗ് ബോഡിയും, വകുപ്പ് സെക്രട്ടറി ചെയർപേഴ്സണായ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ രണ്ട് കമ്മിറ്റികളുടേയും മെമ്പർ സെക്രട്ടറി വകുപ്പ് ഡയറക്ടറാണ്. ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, വിവിധ |

| | |
|---|---|
| | ശിശുസംരക്ഷണ സ്ഥാപനങ്ങൾ തുടങ്ങിയവ എസ്.സി.പി.എസിന്റെ വിവിധ ഘടകങ്ങളാണ്. |
| (ബി) ഈ പദ്ധതി പ്രകാരം ഏതൊക്കെ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് ആനുകൂല്യ.ങ്ങൾക്ക് അർഹത നൽകുന്നത്; | (ബി) പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിനു വിധേയരാകാത്തതുമായ ജുവനൈൽ ജസ്റ്റീസ് ആക്റ്റിന്റെ പരിധിയിൽ വരുന്ന കുട്ടികൾക്കാണ് പദ്ധതി മുഖേന ആനുകൂല്യം ലഭിക്കുന്നത്. |
| (സി) അരക്ഷിതാവസ്ഥയിലായ കുട്ടികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (സി) സ്ഥാപന സംരക്ഷണം ആവശ്യമുള്ള കുട്ടികൾക്ക് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ ശിശു സംരക്ഷണ സ്ഥാപനങ്ങൾ മുഖേന സംരക്ഷണം നൽകുന്നു. ഇതിനുപുറമേ സ്ഥാപനേതര സംരക്ഷണ പദ്ധതികളായ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർസി), കാവൽ, കരുതൽ, ബാലനിധി, വിജ്ഞാനദീപ്തി, ഫോസ്റ്റർ കെയർ മുതലായ വിവിധ സംസ്ഥാനതല പദ്ധതികളും ജില്ലാടിസ്ഥാനത്തിൽ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ മുഖേന വിവിധ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. |
| (ഡി) ഈ പദ്ധതിക്കായി നീക്കിവച്ചിരിക്കുന്ന ഫണ്ട് സംസ്ഥാന ശിശുക്ഷേമ സമിതിക്ക് കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്രാഘോഷത്തിലേക്കായി നൽകണമെന്ന ആവശ്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഫണ്ട് വകമാറ്റി ചെലവ് ചെയ്യുന്നതിനുള്ള നീക്കം ഉപേക്ഷിക്കുമോ? | (ഡി) ചലച്ചിത്രമേളയുടെ നടത്തിപ്പിനായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിശുക്ഷേമ സമിതി അഭ്യർത്ഥിച്ചിരുന്നു. എന്നാൽ വനിതാ ശിശു വികസന വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ